**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5545** **13-08-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡിൽ പട്ടിക ജാതിക്കാർക്ക് സംവരണം വർദ്ധിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. യു.എ.ലത്തീഫ്** | | **Shri K. Radhakrishnan**<br>**(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ-ദേവസ്വം വകുപ്പ് മന്ത്രി )** | |
| (എ) | ദേവസ്വം ബോർഡിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം വർദ്ധിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ട് പട്ടികജാതിക്ഷേമസമിതി (പി.കെ.എസ്) ദേവസ്വം ബോർഡുകളിലും ദേവസ്വം വകുപ്പിലും നിവേദനങ്ങൾ നൽകിയിട്ടുണ്ടോ; പ്രസ്തുത നിവേദനങ്ങളുടെ തുടർനടപടികളുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; | (എ) | പട്ടികജാതി വിഭാഗത്തിന് ദേവസ്വം നിയമനങ്ങളിലുള്ള സംവരണം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് പട്ടികജാതിക്ഷേമ സമിതിയിൽ നിന്ന് നിവേദനം ലഭ്യമായിരുന്നു. പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട ദേവസ്വം വകുപ്പിലെ ഫയലിന്റെ പകർപ്പ് അനുബന്ധം - 1 ആയി ചേർക്കുന്നു. 2015-ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് നിലവിൽ വന്നതിന് ശേഷമാണ് ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള സംവരണം നൽകിത്തുടങ്ങിയത്. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം 50% സംവരണം വ്യവസ്ഥ ചെയ്യുന്നതിൽ 32% സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിവിധ ഹിന്ദു വിഭാഗങ്ങൾക്കും 18% ക്രിസ്ത്യൻ, മുസ്ലിം വിഭാഗങ്ങൾക്കുമായാണ്. 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടപ്രകാരം 32% സംവരണം സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ഹിന്ദു വിഭാഗങ്ങൾക്കായി നൽകുകയും ക്രിസ്ത്യൻ, മുസ്ലിം സമുദായങ്ങൾക്കുള്ള 18% സംവരണം ഓപ്പൺ കോമ്പറ്റീഷനിലേക്ക് നൽകുകയുമാണ് ചെയ്തിരുന്നത്. പിന്നീട് ഈ 18% -ൽ നിന്നും പട്ടികജാതി വിഭാഗത്തിനുള്ള സംവരണത്തിൽ 2% വർദ്ധിപ്പിക്കുന്നതിന് സർക്കാർ നയ തീരുമാനമെടുക്കുകയും ദേവസ്വം ബോർഡുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലും, ലാസ്റ്റ് ഗ്രേഡിതര സർവ്വീസിലും ഹിന്ദു പട്ടികജാതിക്കാർക്കുള്ള സംവരണം 8% ത്തിൽ നിന്നും 10% ആയി വർദ്ധിപ്പിക്കുകയും. ഈ വർദ്ധനവ് നടപ്പിലാക്കിക്കൊണ്ട് 18/11/2019-ലെ സ.ഉ.(അച്ചടി).79/2019/ആർ.ഡി നമ്പർ ഗസറ്റ് |

| | | | |
|---|---|---|---|
| | | | വിജ്ഞാപന പ്രകാരം സർക്കാർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ദേവസ്വം നിയമനങ്ങളിൽ പട്ടികജാതി വിഭാഗത്തിന് 10% -വും പട്ടികവർഗ്ഗ വിഭാഗത്തിന് 2%-വും സംവരണം നൽകി വരുന്നുണ്ട്. എസ്.സി./എസ്.റ്റി എംപ്ലോയീസ് അസോസിയേഷൻ 27.02.2019-ൽ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട സർക്കാർ ഫയലിന്റെ പകർപ്പ് അനുബന്ധം - 2 ആയി ചേർക്കുന്നു. എസ്.സി./എസ്.റ്റി എംപ്ലോയീസ് അസോസിയേഷന്റെ അപേക്ഷ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ പരിശോധിച്ചു വരികയാണ്. |
| (ബി) | ദേവസ്വം ബോർഡിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം വർദ്ധിപ്പിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | പട്ടികജാതി വിഭാഗത്തിന് ദേവസ്വം നിയമനങ്ങളിലുള്ള സംവരണം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് പട്ടികജാതിക്ഷേമ സമിതിയിൽ നിന്ന് നിവേദനം ലഭ്യമായിരുന്നു. പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട ദേവസ്വം വകുപ്പിലെ ഫയലിന്റെ പകർപ്പ് അനുബന്ധം - 1 ആയി ചേർക്കുന്നു. 2015-ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് നിലവിൽ വന്നതിന് ശേഷമാണ് ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള സംവരണം നൽകിത്തുടങ്ങിയത്. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം 50% സംവരണം വ്യവസ്ഥ ചെയ്യുന്നതിൽ 32% സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിവിധ ഹിന്ദു വിഭാഗങ്ങൾക്കും 18% ക്രിസ്ത്യൻ, മുസ്ലിം വിഭാഗങ്ങൾക്കുമായാണ്. 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടപ്രകാരം 32% സംവരണം സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ഹിന്ദു വിഭാഗങ്ങൾക്കായി നൽകുകയും ക്രിസ്ത്യൻ, മുസ്ലിം സമുദായങ്ങൾക്കുള്ള 18% സംവരണം ഓപ്പൺ കോമ്പറ്റീഷനിലേക്ക് നൽകുകയുമാണ് ചെയ്തിരുന്നത്. പിന്നീട് ഈ 18% -ൽ നിന്നും പട്ടികജാതി വിഭാഗത്തിനുള്ള സംവരണത്തിൽ 2% വർദ്ധിപ്പിക്കുന്നതിന് സർക്കാർ നയ തീരുമാനമെടുക്കുകയും ദേവസ്വം ബോർഡുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലും, ലാസ്റ്റ് ഗ്രേഡിതര സർവ്വീസിലും ഹിന്ദു പട്ടികജാതിക്കാർക്കുള്ള സംവരണം 8% ത്തിൽ നിന്നും 10% ആയി വർദ്ധിപ്പിക്കുകയും. ഈ വർദ്ധനവ് നടപ്പിലാക്കിക്കൊണ്ട് 18/11/2019-ലെ സ.ഉ.(അച്ചടി).79/2019/ആർ.ഡി നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം സർക്കാർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ ഭേദഗതി |

| | | | |
|---|---|---|---|
| | | | വരുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ദേവസ്വം നിയമനങ്ങളിൽ പട്ടികജാതി വിഭാഗത്തിന് 10% -വും പട്ടികവർഗ്ഗ വിഭാഗത്തിന് 2%-വും സംവരണം നൽകി വരുന്നുണ്ട്. എസ്.സി./എസ്.റ്റി എംപ്ലോയീസ് അസോസിയേഷൻ 27.02.2019-ൽ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട സർക്കാർ ഫയലിന്റെ പകർപ്പ് അനുബന്ധം - 2 ആയി ചേർക്കുന്നു. എസ്.സി./എസ്.റ്റി എംപ്ലോയീസ് അസോസിയേഷന്റെ അപേക്ഷ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ പരിശോധിച്ചു വരികയാണ്. |
| (സി) | ദേവസ്വം ബോർഡിൽ പട്ടികജാതിക്കാർക്ക് ജനസംഖ്യാനുപാതികമായി സംവരണം വർദ്ധിപ്പിച്ചു നൽകണമെന്നാവശ്യപ്പെട്ട് എസ്.സി./എസ്.റ്റി എംപ്ലോയീസ് അസോസിയേഷൻ 27.02.2019-ൽ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട 3298313/2019/ആർ.ഇ.വി. നമ്പർ ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | പട്ടികജാതി വിഭാഗത്തിന് ദേവസ്വം നിയമനങ്ങളിലുള്ള സംവരണം വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് പട്ടികജാതിക്ഷേമ സമിതിയിൽ നിന്ന് നിവേദനം ലഭ്യമായിരുന്നു. പ്രസ്തുത നിവേദനവുമായി ബന്ധപ്പെട്ട ദേവസ്വം വകുപ്പിലെ ഫയലിന്റെ പകർപ്പ് അനുബന്ധം - 1 ആയി ചേർക്കുന്നു. 2015-ൽ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് നിലവിൽ വന്നതിന് ശേഷമാണ് ദേവസ്വം ബോർഡുകളിലെ നിയമനങ്ങളിൽ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരമുള്ള സംവരണം നൽകിത്തുടങ്ങിയത്. കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് ചട്ടങ്ങൾ പ്രകാരം 50% സംവരണം വ്യവസ്ഥ ചെയ്യുന്നതിൽ 32% സാമൂഹികമായി പിന്നാക്കം നിൽക്കുന്ന വിവിധ ഹിന്ദു വിഭാഗങ്ങൾക്കും 18% ക്രിസ്ത്യൻ, മുസ്ലിം വിഭാഗങ്ങൾക്കുമായാണ്. 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടപ്രകാരം 32% സംവരണം സാമൂഹികമായി പിന്നാക്കം നിൽക്കുന്ന ഹിന്ദു വിഭാഗങ്ങൾക്കായി നൽകുകയും ക്രിസ്ത്യൻ, മുസ്ലിം സമുദായങ്ങൾക്കുള്ള 18% സംവരണം ഓപ്പൺ കോമ്പറ്റീഷനിലേക്ക് നൽകുകയുമാണ് ചെയ്തിരുന്നത്. പിന്നീട് ഈ 18% -ൽ നിന്നും പട്ടികജാതി വിഭാഗത്തിനുള്ള സംവരണത്തിൽ 2% വർദ്ധിപ്പിക്കുന്നതിന് സർക്കാർ നയ തീരുമാനമെടുക്കുകയും ദേവസ്വം ബോർഡുകളിലെ ലാസ്റ്റ് ഗ്രേഡ് സർവ്വീസിലും, ലാസ്റ്റ് ഗ്രേഡിതര സർവ്വീസിലും ഹിന്ദു പട്ടികജാതിക്കാർക്കുള്ള സംവരണം 8% ത്തിൽ നിന്നും 10% ആയി വർദ്ധിപ്പിക്കുകയും. ഈ വർദ്ധനവ് നടപ്പിലാക്കിക്കൊണ്ട് 18/11/2019-ലെ സ.ഉ.(അച്ചടി).79/2019/ആർ.ഡി നമ്പർ ഗസറ്റ് വിജ്ഞാപന പ്രകാരം സർക്കാർ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ദേവസ്വം നിയമനങ്ങളിൽ പട്ടികജാതി വിഭാഗത്തിന് 10% -വും |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വിഭാഗത്തിന് 2%-വും സംവരണം നൽകി വരുന്നുണ്ട്. എസ്.സി./എസ്.റ്റി എംപ്ലോയീസ് അസോസിയേഷൻ 27.02.2019-ൽ നൽകിയ അപേക്ഷയുമായി ബന്ധപ്പെട്ട സർക്കാർ ഫയലിന്റെ പകർപ്പ് അനുബന്ധം - 2 ആയി ചേർക്കുന്നു. എസ്.സി./എസ്.റ്റി എംപ്ലോയീസ് അസോസിയേഷന്റെ അപേക്ഷ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

File No. REV-DEV2/8/2017-REV

# Govt. of Kerala

Kerala

RD

Revenue (devaswom)

## SUBJECT

| | | |
|---|---|---|
| Main Category | : | General |
| Sub Category | : | |
| Description | : | കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോര്‍ഡ് പട്ടികജാതി ക്ഷേമസമിതിയുടെ അപേക്ഷ-സംബന്ധിച്ച്. |

## OTHER DETAILS

| | | |
|---|---|---|
| Language | : | |
| Remarks | : | |

G17010259 8

18 No ... 13/ (97)

# PKS
## പട്ടികജാതി ക്ഷേമസമിതി
### STATE COMMITTE

Office: T.C 27/2253 (3) Statue - GH Road, GPO, Trivandrum - 695001

DEV 317 VIP

No. 317/VIP /Min (Co-op, TSM & DEV) /2017

President
K.Radhakrishnan

Secretary
Adv.k.Somaprasad M.P

സെക്രട്ടറി / ദേവസ്വം
DRB ചെയർമാന്റെ റിപ്പോർട്ട് വാങ്ങി അടിയന്തിരമായി പരിശോധിച്ചു സമർപ്പിക്കുക

ദേവസ്വം മന്ത്രി
പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുക

ശ്രീ.പിണറായി വിജയൻ
ബഹു.മുഖ്യമന്ത്രി
കേരളം

Kadakampally Surendran
Minister (CO-OP, TSM & DEV)

പിണറായി വിജയൻ
മുഖ്യമന്ത്രി

സർ,

**വിഷയം:** **ദേവസ്വം ബോർഡ്-പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ്നിയമം-ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതു സംബന്ധിച്ച്.**

ദേവസ്വം ബോർഡിലെ ഭരണവിഭാഗം തസ്തികകളിൽ ഉദ്യോഗസ്ഥരെ തെരഞ്ഞെടുത്തു നിയമിക്കുന്നതിന് പ്രത്യേക റിക്രൂട്ട്മെന്റ് ബോർഡ് ഭേദഗതികളോടെ നിലവിൽ വരികയാണല്ലോ. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നിലനിന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കപ്പെട്ട ചട്ടങ്ങൾ ഇപ്പോഴും സാധുവായി നിലവിലുണ്ട്. (കേരളാ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്(അമന്റ്മെന്റ്) റൂൾസ് 2015)

'ടി' ചട്ടങ്ങൾ തയ്യാറാക്കപ്പെട്ടിട്ടുള്ളത് ഇൻഡ്യൻ ഭരണഘടന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഉറപ്പു നൽകിയിട്ടുള്ള പരിരക്ഷകൾക്കു വിരുദ്ധമായിട്ടായതിനാൽ പുന:പരിശോധനയും ഭേദഗതിയും ആവശ്യമായി വന്നിരിക്കുകയാണ്.

1. ഇൻഡ്യൻ ഭരണഘടനപ്രകാരം SC/ST വിഭാഗത്തിന്റെ ജനസംഖ്യാനുപാതികമായ സംവരണമാണ് തൊഴിൽ നിയമനങ്ങളിൽ നടപ്പാക്കേണ്ടത്. ആയതിനാലാണ് കേന്ദ്രസർക്കാർ 22.5%സംവരണം കേന്ദ്രതലത്തിലും 10%സംവരണം (കേരളത്തിൽ) സംസ്ഥാനാടിസ്ഥാനത്തിലും നടപ്പിക്കിയിട്ടുള്ളത്. (2011 ലെ സെൻസസ്സ് അനുസരിച്ച കേരളത്തിലെ SC/ST ജനസംഖ്യ 11% ൽ താഴെയാണ്) ദേവസ്വം ബോർഡുകളിൽ അഹിന്ദുക്കളെ നിയമിക്കാൻ കഴിയില്ല. ആയതിനാൽ PSC വഴി നിയമനം നടക്കുമ്പോൾ അഹിന്ദുക്കൾക്കു സംവരണം ചെയ്തിട്ടുള്ള 18% തസ്തികകൾ കൂടി ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് ചട്ടം തയ്യാറാക്കിയിരിക്കുന്നത്. ദേവസ്വം ബോർഡിലെ നിയമനങ്ങളിൽ

ഹിന്ദുക്കളിൽ SC/ST എത്ര ശതമാനമുണ്ടോ അത്രയും ശതമാനം തസ്തികകളാണ് SC/ST വിഭാഗത്തിന് സംവരണം ചെയ്യേണ്ടത്. എന്നാൽ ഇപ്പോൾ അർഹതപ്പെട്ടതിന്റെ പകുതി മാത്രമാണ് സംവരണം ചെയ്തിട്ടുള്ളത്. ദേവസ്വം ചട്ടങ്ങളിൽ SC/ST വിഭാഗത്തിന് തസ്തികകൾ സംവരണം ചെയ്തിരിക്കുന്നത് ഒരു മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിലല്ല.

കേരളത്തിലെ ഹിന്ദുമത വിഭാഗത്തിൽപ്പെട്ട മുന്നോക്ക, പിന്നോക്ക, പട്ടികജാതി/പട്ടിവർഗ്ഗ വിഭാഗങ്ങളുടെ ജനസംഖ്യാനുപാതികമായി തസ്തികകളുടെ സംവരണവും വിതരണവും പരിശോധിച്ചാൽ പിന്നോക്ക, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിനർഹതപ്പെട്ട തസ്തികകൾ മുന്നോക്ക വിഭാഗങ്ങൾക്കു നൽകിയിരിക്കുകയാണ്. ഇതു നിയമപരമായും ധാർമികമായും തെറ്റാണ്.

2. ഇപ്പോൾ തയ്യാറാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങൾക്കനുസരിച്ച് SC/ST വിഭാഗങ്ങൾക്കു നിർണയിക്കപ്പെട്ടിട്ടുള്ള സ്ഥാനങ്ങൾ പരിശോധിച്ചാൽ PSC വഴി തൊഴിൽ ലഭിക്കുന്നതിനുള്ള സാധ്യതയിലും വളരെ കുറവാണെന്നു കാണാം. ഉദാഹരണമായി PSC വഴി 20 നിയമനങ്ങൾ നടക്കുമ്പോൾ മുന്നോക്ക വിഭാഗത്തിൽപ്പെട്ട 10 പേർ നിയമിക്കപ്പെടുമ്പോൾ 2 പട്ടിക വിഭാഗക്കാർക്കു നിയമനം ലഭിക്കുമായിരുന്നു. ദേവസ്വം ചട്ടമനുസരിച്ച് മുന്നോക്ക വിഭാഗത്തിൽപ്പെട്ട 13 പേർ നിയമിക്കപ്പെടുമ്പോൾ മാത്രമേ രണ്ടു പട്ടികജാതിക്കാർക്കു തൊഴിൽ ലഭിക്കുകയുള്ളു. ഇതിനേക്കാൾ ഗുരുതരമാണ് കുടുതൽപ്പേർ നിയമിക്കപ്പെടുമ്പോഴുള്ള അവസ്ഥ. 40 പേർമൊത്തം നിയമിക്കപ്പെടുമ്പോൾ PSC വഴിയാണെങ്കിൽ 20 മുന്നോക്കക്കാർ നിയമിക്കപ്പെടുമ്പോൾ 4 പട്ടിക വിഭാഗങ്ങൾക്കു ജോലി ലഭിക്കുമായിരുന്നു. എന്നാൽ ദേവസ്വം ബോർഡിൽ 27 മുന്നോക്കക്കാർ നിയമിക്കപ്പെടുമ്പോൾ മാത്രമേ 4 പട്ടികവിഭാഗങ്ങൾക്കു തൊഴിൽ ലഭിക്കകയുള്ളു.

ആയതിനാൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്കു ഭരണഘടന നൽകിയിരിക്കുന്ന സംരക്ഷണമനുസരിച്ച് ജനസംഖ്യാനു പാതികമായ സംവരണം ദേവസ്വം നിയമനങ്ങളിൽ ഉറപ്പാക്കാൻ ഹിന്ദുക്കളിൽ പട്ടികവിഭാഗങ്ങൾ എത്രശതമാനമാണോ അത്രയും ശതമാനം തസ്തികകൾ സംവരണം ചെയ്തു കൊണ്ടും അർഹതപ്പെട്ട സ്ഥാനങ്ങൾ നിർണ്ണയിച്ചു കൊണ്ടും ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തണമെന്ന് അപേക്ഷിച്ചു കൊള്ളുന്നു.

എന്ന് വിശ്വസ്തതയോടെ

കെ.സോമപ്രസാദ് എം.പി

തിരുവനന്തപുരം

18/10/2016

പട്ടികജാതി ക്ഷേമ സമിതി
PKS
തീയതി.........
കേരള സംസ്ഥാന കമ്മിറ്റി

File No.REV-DEV2/8/2017-REV

കേരള സർക്കാർ

നം: 7/ദേവ.2/2017/റവന്യൂ റവന്യൂ (ദേവസ്വം) വകുപ്പ്

തിരുവനന്തപുരം
തീയതി: 07/02/2017

സെക്രട്ടറി

ചെയർമാൻ , കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്,
തിരുവനന്തപുരം

സർ,

വിഷയം: റവന്യൂ (ദേവസ്വം) വകുപ്പ് - കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് പട്ടികജാതി ക്ഷേമസമിതിയുടെ അപേക്ഷ-സംബന്ധിച്ച്.

സൂചന : പട്ടികജാതി ക്ഷേമസമിതിയുടെ 18/10/2016 ലെ അപേക്ഷ.

സൂചനയുടെ പകർപ്പ് താങ്കളുടെ അടിയന്തിര റിപ്പോർട്ടിനായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
ജയശ്രീ.പി
അഡീഷണൽ സെക്രട്ടറി
*സെക്രട്ടറിക്കു വേണ്ടി*

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

File No.REV-DEV2/8/2017-REV

ഓർമ്മക്കുറിപ്പ്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നമ്പർ.റവ-ദേവ2/7/2017-റവ

റവന്യൂ (ദേവസ്വം) വകുപ്പ്
0471-2518147
secretariatdevaswom@gmail.com
17/10/2019,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ
കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡ്
തിരുവനന്തപുരം

സർ,

വിഷയം:- റവന്യൂ (ദേവസ്വം) വകുപ്പ്- കേരള ദേവസ്വം റിക്രൂട്ടമെന്റ് ബോർഡ് പട്ടികജാതി ക്ഷേമ സമിതിയുടെ അപേക്ഷ- സംബന്ധിച്ച്.

സൂചന:- 07.02.2017 തീയ്യതിയിലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ട റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കുന്നതിന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,
SREEKALA.M.S
UNDER SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

**Note No. #1**

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചട്ടങ്ങൾ ഭേദഗതി സംബന്ധിച്ച് പട്ടികജാതി ക്ഷേമസമിതിയുടെ അപേക്ഷയിലെ ബഹു.ദേവസ്വം മന്ത്രിയുടെ ഉത്തരവ് പ്രകാരം കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ചെയർമാന് റിപ്പോർട്ടിനായി അയയ്ക്കുന്നതിനുള്ള കത്തിന്റെ കരട് അംഗീകാരത്തിനായി സമർപ്പിക്കുന്നു.

**31/01/2017 2:55 PM**

**AJAYAKUMAR B**
**(SG-ASST (DEV2) REV)**

**Note No. #2**

**01/02/2017 3:36 PM**

**JAYARAM. C.P**
**(SO (DEV) REV)**

**Note No. #3**

**09/02/2017 1:14 PM**

**JAYASREE.P.**
**(AS (DEV) REV)**

**Note No. #4**

**10/02/2017 1:20 PM**

**JAYARAM. C.P**
**(SO (DEV) REV)**

**Note No. #5**

**03/10/2019 2:43 PM**

**DEVI.S.NAIR**
**(SN-ASST (DEV) REV)**

**Note No. #6**

05/10/2019 4:50 PM

DEEPU A S
(COMP-ASST (DEV) REV)

**Note No. #7**

15/10/2019 3:59 PM

DEVI.S.NAIR
(SN-ASST (DEV) REV)

**Note No. #8**

റിപ്പോർട്ട് ലഭിച്ചിട്ടില്ല . ഓർമ്മക്കുറിപ്പ് നൽകാം.കരട് അംഗീകരിച്ചാലും.

16/10/2019 1:40 PM

AJAYAKUMAR B
(ASO (DEV2) REV)

**Note No. #9**

17/10/2019 3:35 PM

PRASANTHA V K
(SO (DEV) REV)

**Note No. #10**

17/10/2019 5:27 PM

SREEKALA.M.S
(US (DEV) REV)

**Note No. #11**

18/10/2019 12:27 PM

PRASANTHA V K
(SO (DEV) REV)

**Note No. #12**

09/08/2021 12:25 PM

AJAYAKUMAR B
(ASO (DEV2) REV)

അനുബന്ധം II

File No. REV-DEV2/213/2019-REV

# Govt. of Kerala

Kerala

RD

Revenue (devaswom)

## SUBJECT

| | | |
|---|---|---|
| Main Category | : | |
| Sub Category | : | |
| Description | : | SC/ST Employees Welfare Association -ദേവസ്വം ബോഡുകളുടെ പട്ടികജാതി സംവരണം 19% ആക്കണമെന്നും പട്ടിക വര്ഗ്ഗ സംവരണം 3% ആക്കണമെന്നും ആവശ്യം സംബന്ധിച്ച്. |

## OTHER DETAILS

| | | |
|---|---|---|
| Language | : | English |
| Remarks | : | |

2

Dev



# SC/ST EMPLOYEES WELFARE ASSOCIATION
## (STATE COMMITTEE)



Reg. No. TVM/TC/1144/2018
HO : Asha Nivas, Shambuthangi, Kokkottela, Kuttichal. P.O., Thiruvananthapuram - 695574
Phone : 9188165037, 8547589924, 9605115124

എ.അനിൽ കുമാർ
ജനറൽ സെക്രട്ടറി,എസ് സി,എസ് റ്റി എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ(സ്റ്റേറ്റ് കമ്മിറ്റി)
ആഷ നിവാസ്,ശംപുതാങ്ങി,കുറ്റിച്ചൽ പി.ഒ
തിരുവനന്തപുരം 695574
ഫോൺ [redacted]

സെക്രട്ടറി
റവന്യൂ(ദേവസ്വം വകുപ്പ്)
ഗവൺമെന്റ് സെക്രട്ടറിയേറ്റ്

**ദേവസ്വം ബോർഡുകള പട്ടിക ജാതി സംവരണം 19 % ആക്കണമെന്നും പട്ടിക വർഗ്ഗ സംവരണം 3% ആക്കണമെന്നുമുള്ള അപേക്ഷ**

കേരളത്തിലെ ദേവസ്വം ബോർഡ് ഉടമസ്ഥതയിലുള്ള ക്ഷേത്രങ്ങളിലെയും മറ്റ് സ്ഥാപനങ്ങളിലെയും നിയമനം ദേവസ്വം റിക്രൂട്ട്മെന്റ് വഴി നടത്താൻ തീരുമാനിച്ച ഇടതുപക്ഷ സർക്കാറിന് അഭിവാദ്യങ്ങൾ.

കേരളത്തിൽതിരുവിതാംകൂർ,കൊച്ചി,ഗുരുവായൂർ,മലബാർ,കൂടൽമാണിക്യം എന്നീ 5 ദേവസ്വം ബോർഡുകളാണ് ഉള്ളത്. 3000 ത്തോളം ക്ഷേത്രങ്ങൾ8 ലധികം കോളേജുകളും നിരവധി സ്കൂളുകളും ദേവസ്വം ബോർഡുകളുടെ കീഴിൽപ്രവർത്തിച്ച് വരുന്നു.കഴിഞ്ഞ 60 വർഷം മേൽസ്ഥാപനങ്ങളിൽസംവരണ വിഭാഗങ്ങൾപലകാരണങ്ങൾകൊണ്ടും പ്രവേശനം ലഭിച്ചിരുന്നില്ല.

നിലവിൽദേവസ്വം റിക്രൂട്ട് മെന്റ് ബോർഡുകൾവഴിയാണ് നിയമനം നടന്നുവരുന്നത് സ്വാഗതാർഹമാണ്.

**എന്നാൽ സർക്കാർ/ദേവസ്വം ബോർഡ് നിയമന ചട്ടം രൂപീകരിച്ചപ്പോൾ പട്ടിക ജാതി പട്ടിക വർഗ്ഗ സംവരണ വിഭാഗങ്ങൾക്ക് ഹിന്ദുജനസംഖ്യയ്ക്ക് ആനുപാതികമായ സംവരണം നൽകാതെയാണ് നിയമന ചട്ടം**

**രൂപീകരിച്ചത്.**

ദേവസ്വം ബോർഡിൽഹിന്ദു മതക്കാർക്ക് മാത്രമേ ജോലി ചെയ്യാൻഅവസരമുള്ളൂ എന്ന സ്ഥിതിയ്ക്ക് ഹിന്ദു ജനസംഖ്യയുടെ അനുപാതത്തിലാണ് സംവരണ ചട്ടം രൂപീകരിക്കേണ്ടത്.എന്നാൽ കേരള പബ്ളിക് സർവ്വീസ് കമ്മീഷനിലെ സംവരണ അനുപാതത്തിലാണ് നിലവിൽ സംവരണം നൽകി വരുന്നത്.

**2011 ലെ സെൻസസ് അനുസരിച്ച് കേരളത്തിലെ ആകെ ജന സംഖ്യ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| | | | |
|---|---|---|---|
| **ആകെ ജനസംഖ്യ** | 3.338 **കോടി** | | |
| **ഹിന്ദു ജനസംഖ്യ** | 1,82,82,492 | | |
| **പട്ടിക ജാതി ജന സംഖ്യ** | 30,39,573 | 16.62 % | **(ഹിന്ദുക്കളിൽ)** |
| **പട്ടിക വർഗ്ഗ ജനസംഖ്യ** | 4,84,839 | 2.65 % | **(ഹിന്ദുക്കളിൽ)** |

2011 ശേഷം തച്ചർ പെരുവണ്ണാൻ സമുദായങ്ങളെ പട്ടിക ജാതി ലിസ്റ്റിൽ ഉൾപ്പെടുത്തി.ആയതിനാൽ പട്ടിക ജാതി വിഭാഗങ്ങളുടെ എണ്ണം ഇപ്പോൾ വർദ്ദിച്ചിട്ടുണ്ട്.

നിലവിൽ പട്ടിക ജാതി ജനസംഖ്യ ഹിന്ദു ജന സംഖ്യയുടെ 19% വരും

പട്ടിക വർഗ്ഗ ജനസംഖ്യ ഹിന്ദു ജനസംഖ്യയുടെ 3 % വും

ഇപ്രകാരം ജനസംഖ്യാനുപാധിക മായി പട്ടിക ജാതി വിഭാഗങ്ങൾക്ക് ദേവസ്വം ബോർഡിൽ 19% സംവരണവും

പട്ടിക വർഗ്ഗ വിഭാഗങ്ങൾക്ക് 3% സംവരണവും നൽകേണ്ടതുണ്ട്.

നാളിതു വരെ പട്ടിക ജാതി വർഗ്ഗ വിഭാഗങ്ങൾക്ക് ദേവസ്വം ബോർഡിൽ നിയമനം ലഭിക്കാത്തതിനാൽ അവർക്കായി സ്പെഷ്യൽ റിക്രൂട്ട് മെന്റും നടത്തേണ്ടതുണ്ട്.

നിലവിൽ ദേവസ്വം നിയമന ചട്ടങ്ങളിലെ റൊട്ടേഷൻ ചാർട്ടിൽ പട്ടിക വർഗ്ഗക്കാരെ 44,92 എന്നീ റൊട്ടേഷനിലാണ് ഉൾപ്പെടുത്തിയിരുക്കുന്നത്.ആയതു കൊണ്ട് തന്നെ ഒരു തസ്തികയിലും ഇവർക്ക് നിയമനം ലഭിക്കുന്നില്ല.

മേൽ വിഷയങ്ങൾ അനുഭാവ പൂർവ്വം പരിഗണിക്കണമെന്ന് അപേക്ഷിക്കുന്നു.

വിശ്വസ്തതയോടെ

എ.അനിൽ കുമാർ

SC/ST EMPLOYEES WELFARE ASSOCIATION ★ STATE COMMITTEE ★ Reg. No. TC/1144/2018/TVM

തിരുവനന്തപുരം,
27.02.2019.

**File No.REV-DEV2/213/2019-REV**

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

റവന്യൂ (ദേവസ്വം) വകുപ്പ്

നമ്പർ.റവ-ദേവ2/213/2019-റവ

18/04/2019,തിരുവനന്തപുരം

0471-2518147

secretariatdevaswom@gmail.com

പ്രിൻസിപ്പൽ സെക്രട്ടറി

ചെയർമാൻ

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്,തിരുവനന്തപുരം

സർ,

വിഷയം:- റവന്യൂ (ദേവസ്വം) വകുപ്പ്- ദേവസ്വം ബോർഡുകളുടെ നിയമനത്തിൽ പട്ടിക ജാതി സംവരണം 19 % ആക്കണമെന്നും പട്ടിക വർഗ്ഗ സംവരണം 3% ആക്കണമെന്നുള്ള അപേക്ഷ- സംബന്ധിച്ച്.

സൂചന:- 27.02.2019 തീയതിയിൽ എസ്.സി.എസ്.റ്റി എംപ്ലോയീസ് വെൽഫെയർ അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച അപേക്ഷ.

സൂചനയിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.സൂചന പ്രകാരം ലഭ്യമായ SC/ST Employees Welfare Association ജനറൽ സെക്രട്ടറിയുടെ അപേക്ഷ താങ്കളുടെ റിപ്പോർട്ട് ലഭ്യമാക്കുന്നതിനായി ഇതോടൊപ്പം അയയ്ക്കുന്നു.

വിശ്വസ്തതയോടെ,
HARSHAN M
ADDITIONAL SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

**Note No. #1**

SC/ST Employees Welfare Association ജനറൽ സെക്രട്ടറിയുടെ <u>കത്ത്</u> കണ്ടാലും. ജനസംഖ്യാടിസ്ഥാനത്തിൽ ദേവസ്വം ബോർഡുകളുടെ നിയമനത്തിൽ പട്ടികജാതി സംവരണം 19% ആക്കണമെന്നും പട്ടിക വർഗ്ഗ സംവരണം 3% ആക്കണമെന്നും ആവശ്യം സംബന്ധിച്ച്.കേരള ദേവസ്വം റിക്രൂട്ട് മെന്റ് ചെയർമാന്റെ റിപ്പോർട്ട് ലഭ്യമാക്കാവുന്നതാണോ എന്ന് നിർദ്ദേശിച്ചാലും.

10/04/2019 10:43 AM

AJAYAKUMAR B
(ASO (DEV2) REV)

**Note No. #2**

11/04/2019 11:42 AM

PRASANTHA V K
(SO (DEV) REV)

**Note No. #3**

11/04/2019 12:39 PM

HARSHAN M
(AS (DEV) REV)

**Note No. #4**

11/04/2019 12:42 PM

PRASANTHA V K
(SO (DEV) REV)

**Note No. #5**

11/04/2019 5:51 PM

AJAYAKUMAR B

(ASO (DEV2) REV)

**Note No. #6**

12/04/2019 5:16 PM

DEEPU A S
(COMP-ASST (DEV) REV)

**Note No. #7**

കരട് കത്ത് അംഗീകരിച്ചാല്ലും.

16/04/2019 5:09 PM

AJAYAKUMAR B
(ASO (DEV2) REV)

**Note No. #8**

17/04/2019 4:36 PM

PRASANTHA V K
(SO (DEV) REV)

**Note No. #9**

18/04/2019 5:11 PM

HARSHAN M
(AS (DEV) REV)

**Note No. #10**

20/04/2019 10:32 AM

PRASANTHA V K
(SO (DEV) REV)

**Note No. #11**

06/08/2021 3:55 PM

AJAYAKUMAR B
(ASO (DEV2) REV)

സെക്ഷൻ ഓഫീസർ.